**പള്ളിക്കൂദാശാക്കാലം നാലാം ഞായർ**

**മത്താ 22:41-46**

## ക്രിസ്തു ദാവീദിന്റെ പുത്രനോ?

**റവ. ഡോ. ഒ.സി. ജോസഫ്**

ആരാധനക്രമവത്സരപ്രകാരം പള്ളിക്കൂദാശക്കാലത്തിലെ അവസാന ആഴ്ചയിലാണ് നാം. എല്ലാം കർത്താവിൽ കേന്ദ്രീകരിച്ച് ദൈവപിതാവിനു സമർപ്പിക്കുന്നതിന്റെ - ദൈവത്തിൽ പുത്രനായ ദൈവത്തോടും പരിശുദ്ധാത്മാവിനോടും കൂടെ സൃഷ്ടികളെല്ലാം സമ്മേളിക്കുന്ന ദൈവരാജ്യസംഗമത്തിന്റെ ഓർമ്മ പുതുക്കലാണിത്. മത്താ 22:41-46 മേൽപറഞ്ഞ കാര്യങ്ങൾ വ്യത്യസ്തമായ രീതിയിൽ നമ്മെ ഓർമ്മപ്പെടുത്തുന്നതാണ്. മത്തായിയുടെ സുവിശേഷത്തിൽ യേശു ഫരിസേയരോടും സദുക്കായരോടും നടത്തുന്ന സംവാദങ്ങളുടെ പ്രധാന ഭാഗങ്ങളാണ് 21-23 അധ്യായങ്ങൾ. അതിൽ ഫരിസേയരെയും സദുക്കായരെയും നിശിതമായി വിമർശിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് മറുചോദ്യങ്ങൾ ചോദിച്ചും മറുപടി കൊടുത്തും ഉത്തരം മുട്ടിക്കുന്ന ഒരു സന്ദർശനമാണ് ഇന്നത്തെ പരിചിന്തന വിഷയം.

ഈ സുവിശേഷഭാഗം മർക്കോസിലും (12:35-37) ലൂക്കായിലും (20:41-44) കാണുന്നുണ്ട്. സദുക്കായരെ യേശു വാക്കു മുട്ടിച്ചെന്നു കേട്ടതിന്റെ വെളിച്ചത്തിലാണ് (22:34-40) ഫരിസേയർ ഒരുമിച്ചുകൂടി യേശുവിന്റെയടുത്തു വരുന്നത്. പതിവിനു വിപരീതമായി ഇവിടെ യേശുവാണ് ഫരിസേയരോട് ചോദ്യം ചോദിക്കുന്നത്. സാധാരണ രീതിയിൽ അവരാണ് യേശുവിനോടു ചോദ്യം ചോദിക്കാറുള്ളത്. ചിലയവസരങ്ങളിൽ യേശുവും ചോദ്യങ്ങൾ ചോദിക്കുന്നതായി സുവിശേഷകർ രേഖപ്പെടുത്തിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ചോദ്യങ്ങൾ പലപ്പോഴും തന്നെക്കുറിച്ചു തന്നെയുള്ളതായിരുന്നു. ഇവിടെ യേശു ഫരിസേയരോടു ചോദിക്കുന്നത് ക്രിസ്തു ആരുടെ പുത്രനാണെന്നാണ്. ക്രിസ്തു, രക്ഷകൻ, മെസിയ ആരുടെ പുത്രനാണ്? ഈ ചോദ്യം കേൾക്കുമ്പോൾ സ്വാഭാവികമായും ഉദിക്കുന്ന സംശയം യേശു തന്നെയായിരിക്കുമോ ഈ ചോദ്യം ചോദിച്ചത്? യേശു തന്നെയാണ് ഇപ്രകാരമൊരു ചോദ്യം ചോദിക്കുന്നതെങ്കിൽ ഒരു സാധാരണ യഹൂദന്റെ സ്ഥാനത്തു നിന്നുകൊണ്ടായിരിക്കണം ഇതു ചോദിക്കുന്നത്. കാരണം രക്ഷകൻ, മെസിയ എവിടെ നിന്നു വരുന്നുവെന്നോ എവിടേക്കു പോകുന്നുവെന്നോ അറിയില്ല എന്നൊരു വിശ്വാസം നിലവിലുണ്ടായിരുന്നു. ഒരു പക്ഷേ ഈ ചോദ്യം പാരമ്പര്യത്തിൽ നിലനിന്നതും ആദിമസഭയിൽ യേശു ആരെന്നു പഠിപ്പിക്കാനുള്ള ഉദ്ദേശത്തോടെ മത്തായി സുവിശേഷകൻ ഇപ്രകാരമൊരു സാഹചര്യമുണ്ടാക്കി പ്രഘോഷണത്തിന്റെ ഭാഗമായി ചേർത്തതുമാകാം.

എപ്രകാരമായാലും ഈ സംഭാഷണത്തിൽ യേശുവാണ് പ്രധാന പങ്കുവഹിക്കുന്നത്. ചോദ്യോത്തരങ്ങളായി പറഞ്ഞുകൊണ്ട് ക്രിസ്തു ആരെന്നു വെളിപ്പെടുത്തുകയാണ്. യേശുവിന്റെ ചോദ്യത്തിന് ദാവീദിന്റെ പുത്രനാണ് യേശുവെന്ന് ഫരിസേയർ ഉത്തരം പറഞ്ഞു. മെസിയ രാജാവാണെന്നും ദാവീദിന്റെ വംശത്തിലാണ് ജനിക്കുന്നതെന്നും യഹൂദർ വിശ്വസിച്ചിരുന്നു. അതാണ് അവർ പ്രകടമാക്കിയത്. മത്തായി സുവിശേഷകൻ തന്റെ ഗ്രന്ഥം രചിച്ചപ്പോൾ യേശുവിനെ ദാവീദിന്റെ വംശത്തിൽ പിറന്നവനായി ചിത്രീകരിക്കുന്നത് ഈ ചിന്തയുടെ ഭാഗമായാണ്. തുടർന്ന് യേശു ദാവീദിന്റെ പുത്രൻ മാത്രമല്ല എന്ന ചിന്തയിലേക്കും വിശ്വാസത്തിലേക്കും വായനക്കാരെ നയിക്കുന്നതായി കാണാം. ഇതിന്റെ ഹ്രസ്വരൂപമാണ് ഈ സുവിശേഷഭാഗം എന്നു നമുക്ക് വഴിയേ മനസ്സിലാകും.

ക്രിസ്തു ദാവീദിന്റെ പുത്രനാണെന്നു പറഞ്ഞപ്പോൾ യേശു അതിനെ ഖണ്ഡിക്കുന്നു. സങ്കീർത്തനം 110 ഉദ്ധരിച്ചുകൊണ്ട് യേശു മറുചോദ്യം ചോദിക്കുകയാണ്; കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു... വലത്തു ഭാഗത്ത് ഉപവിഷ്ടനാവുക... ഈ സങ്കീർത്തന വാചകം വച്ചുനോക്കുമ്പോൾ ക്രിസ്തു ദാവീദിന്റെ പുത്രൻ മാത്രമാണോ എന്നതാണ് ചോദ്യം. ഈ ചോദ്യത്തിന് ഉത്തരം പറയാൻ യഹൂദർക്ക്, പ്രത്യേകിച്ച് ഫരിസേയർക്കു കഴിഞ്ഞില്ല എന്നാണ് സുവിശേഷഗ്രന്ഥകാരൻ പറയുന്നത്.

ഇവിടെ ഈ സുവിശേഷഭാഗം യേശുവിന്റെ ജീവിതകാല സംബന്ധിയായ പാരമ്പര്യവും അതോടൊപ്പം ആദിമസഭയിലെ ചില സംശയങ്ങളുടെ നിവാരണവും ഉൾച്ചേർന്നിരിക്കുന്നതായി കാണാം. യേശു ആരെന്ന് യേശുവിന്റെ കാലത്തെ യഹൂദർക്കു മനസ്സിലാകാതിരുന്നതുപോലെ സഹനമരണോത്ഥാനങ്ങൾ കടന്നുവന്ന യേശു, ക്രിസ്തുവാണെന്നു മനസ്സിലാക്കാൻ ഒരു പക്ഷേ ആദിമസഭയും നന്നേ പ്രയാസപ്പെട്ടു കാണും. അപ്രകാരമുള്ളവരെ പഠിപ്പിക്കുകയെന്നത് ആവശ്യമായിരുന്നു. അതിനാലാണ് പിതാവിന്റെ പുത്രനും (കർത്താവ്... എന്റെ കർത്താവിനോട്...) പിതാവിന്റെ വലതുഭാഗത്ത് മഹിമയോടെ സ്ഥാനീയനും (...നീ എന്റെ വലതുഭാഗത്ത് ഉപവിഷ്ടനാവുക...) ശത്രുക്കളെ പാദപീഠമാക്കുന്നവനും (...തിന്മയിൽ നിന്നും അവയുടെ ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കുന്നവൻ...) ആയി ക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നത്. ഇക്കാര്യങ്ങൾ ആദിമസഭയുടെ പഠനഭാഗമായിരുന്നുവെന്ന് അപ്പസ്തോലപ്രവർത്തനത്തിലും (2:34–35) പൗലോസ് ശ്ലീഹ കൊറിന്ത്യർക്കെഴുതിയ ലേഖനത്തിലും (1 കൊറി 15:25) ഹെബ്രായർക്കെഴുതിയ ലേഖനത്തിലും (1:13) നല്കിയ വിശദീകരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. ആയതിനാൽ മനുഷ്യനായവതരിച്ച യേശു ദൈവപുത്രനും മനുഷ്യരക്ഷകനും ദൈവപിതാവിനോടൊത്ത് വസിക്കുന്നവനും തിന്മയുടെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച് ദൈവത്തിലേക്കാനയിച്ച് എല്ലാം ദൈവത്തിൽ സംയോജിപ്പിക്കുന്നവനുമാണെന്ന് ഈ വചനങ്ങൾ പറയുന്നു. പള്ളിക്കൂദാശക്കാലത്തിന്റെ യഥാർത്ഥ ചൈതന്യമാണിത്.

– യേശുവിനെ കർത്താവും രക്ഷകനുമായി അംഗീകരിക്കുക.

– എല്ലാ പ്രവൃത്തികളും ദൈവസ്നേഹത്തെ പ്രതിയായിരിക്കുക.

– നിത്യമായി ദൈവത്തിൽ വിലയം പ്രാപിക്കാനുള്ള ലക്ഷ്യത്തോടെ പ്രവർത്തനനിരതരായിരിക്കുക.